II ഇ.ബി. XIV - കേരള നിയമസഭ/XXII-7

## പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജനവരി 22, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

12(*211 ) പട്ടിക വിഭാഗങ്ങൾക്ക് ഭൂമി

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, സ്വന്തം നിലയിൽ സ്ഥലം കണ്ടെത്തി വിലയ്ക്ക് വാങ്ങാനാഗ്രഹിക്കുന്ന അർഹരായ കുടുംബങ്ങൾക്ക് സർക്കാർ ധനസഹായത്തോടെ സ്ഥലം വാങ്ങിനൽകുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടെന്നും ഇതുപ്രകാരം ഗ്രാമപ്രദേശത്ത് 5 സെന്റ് സ്ഥലം വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പൽ പ്രദേശത്ത് 3 സെന്റിന് 4,50,000 രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റിന് 6,00,000 രൂപയുമാണ് അനുവദിക്കുന്നതെന്നും ഈ

സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂരഹിതരായ 18,637 പട്ടികജാതി കുടുംബങ്ങൾക്കും 4768 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സ്ഥലം ലഭ്യമാക്കിയെന്നും സഭയെ അറിയിച്ചു. ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുപ്രീംകോടതി വിധി, വനാവകാശ നിയമം, ലാൻഡ് ബാങ്ക്, ലൈഫ് മിഷന്റെ മൂന്നാം ഘട്ടം എന്നിവ പ്രകാരവും സ്ഥലം ലഭ്യമാക്കുന്നുണ്ട്. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ 5.27 ഏക്കർ, കോഴിക്കോട് ജില്ലയിൽ 28 സെന്റ്, വയനാട് ജില്ലയിൽ 20.47 ഏക്കർ എന്നിങ്ങനെ സ്ഥലം വാങ്ങി നൽകുകയും കോട്ടയം, എറണാകുളം, വയനാട്, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ വാങ്ങിയ സ്ഥലത്തിന്റെ വിതരണ നടപടികൾ അന്തിമ ഘട്ടത്തിലെത്തുകയും പത്തനംതിട്ട, വയനാട് ജില്ലകളിലായി 11.66 ഏക്കർ സ്ഥലം വാങ്ങാനുള്ള നടപടികൾക്ക് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കേരള റസ്ട്രിക്ഷൻ ഓൺ ട്രാൻസ്ഫർ ബൈ & റസ്റ്റോറേഷൻ ഓഫ് ലാൻഡ്സ് ടു ഷെഡ്യൂൾഡ് ട്രൈബ്സ് ആക്ട് പ്രകാരം അനന്തരാവകാശികൾക്കല്ലാതെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് നിരോധനമുള്ളതിനാലും ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം നൽകുന്ന പട്ടയത്തിലും പട്ടികജാതിക്കാർ രജിസ്റ്റർ ചെയ്യുന്ന പ്രമാണങ്ങളിലും 12

വർഷത്തേയ്ക്ക് കൈമാറ്റം പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും ആദിവാസികളുടെ കൈവശ ഭൂമി അന്യാധീനപ്പെടുന്ന സ്ഥിതി നിലവില്ലെന്ന് മന്ത്രി അറിയിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതി മുഖേന 36,990 വീടുകൾ നിർമ്മിച്ചുനൽകിയെന്നും ഭൂരഹിതരുടെ എണ്ണം 11744-ൽ നിന്നും 7136 ആയി കുറയ്ക്കാൻ സാധിച്ചുവെന്നും വീടുകളുടെ അറ്റകുറ്റപ്പണി, കോളനി നവീകരണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചുവെന്നും മന്ത്രി അറിയിച്ചു. റേഷൻ കാർഡിൽ പേരുണ്ടെങ്കിലും ലൈഫ് പദ്ധതിയുടെ പ്രയോജനം ലഭിക്കാതെ വരുന്നതായ പരാതി പരിശോധനാവിധേയമാക്കുമെന്നും ഉരുൾപൊട്ടൽമൂലം ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബങ്ങളെ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതാണെന്നും അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റിയുടെ ഭാവിപ്രവർത്തനത്തിൽ സർക്കാർ ഇടപെടലുണ്ടാകുമെന്നും കാർഷിക രംഗത്ത് നമത് വെള്ളാമയ്, മില്ലറ്റ് വില്ലേജ് പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ സാധിച്ചുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*212) <u>തൊഴിൽ നിയമങ്ങൾ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര സർക്കാർ 29 തൊഴിൽ നിയമങ്ങൾ ഏകീകരിച്ചും 12 നിയമങ്ങൾ റദ്ദാക്കിയും 4 നിയമങ്ങളായി ക്രോഡീകരിച്ചിരിക്കുന്നതെന്നും അവ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിച്ചിട്ടുണ്ടെന്നും കേന്ദ്ര നിയമവുമായി ബന്ധപ്പെട്ട് കേരള ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും സംസ്ഥാന സർക്കാർ 48 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേന്ദ്ര സർക്കാർ പാസാക്കിയ കോഡുകൾ പൂർണ്ണമായും പ്രാബല്യത്തിൽ വരാത്തതിനാൽ സംസ്ഥാന സർക്കാർ ഭേദഗതി കൊണ്ടുവന്നിട്ടില്ലെന്നും കേരള കോഡ് ഓൺ വേജസ് റൂൾസ് 2020-ന്റെ കരട് ചട്ടങ്ങൾ രൂപീകരിച്ചത് ലാ റീഫോംസ് കമ്മിറ്റിയുടെ പരിശോധനയിലാണെന്നും മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ വരുന്ന തൊഴിൽ മേഖലകളിൽ അത് പുതുക്കി നിശ്ചയിക്കാൻ നടപടി

സ്വീകരിക്കാറുണ്ടെന്നും മന്ത്രി പറഞ്ഞു. ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാഡമി പ്രാവർത്തികമാക്കുന്നതാണെന്നും നിർമ്മാണമേഖലയിൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതാണെന്നും തോട്ടം മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണെന്നും അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്നവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ പ്രക്ഷോഭം നടത്താൻ തൊഴിലാളി സംഘടനകളുടെ യോജിച്ച ഇടപെടലുണ്ടാകണമെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു.